സി.പി(1) 5972/2023

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
ജവഹർ സഹകരണ ഭവൻ
ഡി.പി.ഐ ജംഗ്ഷൻ
തിരുവനന്തപുരം-695014
Website: cooperation.kerala.gov.in
Email: keralarcs.coop@kerala.gov.in
Tel: 0471-2330825
തീയതി: 07.01.2024

## സർക്കുലർ നമ്പർ 03/2024

വിഷയം: സഹകരണ വകുപ്പ്-സഹകരണ സ്ഥാപനങ്ങൾ/ബാങ്കുകളിലെ സുരക്ഷാ ക്രമീകരണങ്ങൾ ശക്തിപ്പെടുത്തുന്നത് - മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്.

സൂചന:
1. സഹകരണ സംഘം രജിസ്ട്രാറുടെ 15.05.1984ലെ 26/84 നം. സർക്കുലർ.
2. സഹകരണ സംഘം രജിസ്ട്രാറുടെ 03.06.1989ലെ 33/89 നം. സർക്കുലർ.
3. സഹകരണ സംഘം രജിസ്ട്രാറുടെ 23.05.2008 ലെ 34(A)/2008 നം. സർക്കുലർ.
4. സഹകരണ സംഘം രജിസ്ട്രാറുടെ 23.05.2008 ലെ 33/2009 നം. സർക്കുലർ.
5. സഹകരണ സംഘം രജിസ്ട്രാറുടെ 11.01.2013 ലെ 01/2013 നം. സർക്കുലർ.
6. സഹകരണ സംഘം രജിസ്ട്രാറുടെ 11.01.2018 ലെ 02/2018 നം. സർക്കുലർ.
7. സഹകരണ സംഘം രജിസ്ട്രാറുടെ 18.08.2020 ലെ 62/2020 നം. സർക്കുലർ.
8. സർക്കാരിന്റെ 22.03.2023, 13.12.2023 തീയതികളിലെ സഹ-സി3/63/2023-സഹ നമ്പർ കത്തുകൾ.

1.സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ കവർച്ചയും കവർച്ചാ ശ്രമങ്ങളും തടയുന്നതിനായി സഹകരണസംഘങ്ങൾ /ബാങ്കുകളിൽ സ്വീകരിക്കേണ്ടതായ സുരക്ഷാ മുൻകരുതലുകൾ/ക്രമീകരണങ്ങൾ സംബന്ധിച്ച് സൂചന പ്രകാരം വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഈ ആഫീസിൽ നിന്നും പുറപ്പെടുവിച്ചിരുന്നു.

2.ബാങ്ക് കെട്ടിടം ഡിസൈൻ ചെയ്യുമ്പോൾ ചെസ്റ്റ്/ലോക്കർ സ്ട്രോംഗ് റൂം എന്നിവ സ്ഥാപിക്കുന്നതു സംബന്ധിച്ച തയ്യാറെടുപ്പ് , ഇടപാടുകാർക്ക് ആവശ്യമായ തുക കൈകാര്യം ചെയ്യൽ , ഇടപാടു നടത്തുമ്പോൾ സ്വീകരിക്കേണ്ട സൂക്ഷ്മത , പ്രവേശന കവാടം ക്രമീകരിക്കൽ , ഇടപാടുകാരുടെ ആവശ്യം വേഗതയോടെ നിറവേറ്റൽ ,

പ്രത്യേകിച്ച് ആവശ്യങ്ങൾ ഇല്ലാതെ ബാങ്കിൽ വരുന്നവരെ നിരീക്ഷിക്കൽ , സെക്യൂരിറ്റി ഉദ്യോഗസ്ഥരുടെ ചുമതലകൾ , ബാങ്കിൽ ക്രമീകരിക്കേണ്ടതായ എമർജൻസിലൈറ്റ് , അലാറം എന്നിവ ഏർപ്പെടുത്തൽ , ശാഖകളിലേക്ക് പണം കൊണ്ടുപോകുമ്പോൾ സ്വീകരിക്കേണ്ടതായ സുരക്ഷാ ക്രമീകരണങ്ങൾ എന്നിവ സംബന്ധിച്ച് സൂചന (1) പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

3.സംസ്ഥാന പോലീസ് ഡയറക്ടർ ജനറലിന്റെ മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സെക്യൂരിറ്റി ഉദ്യോഗസ്ഥരുടെ നിയമനം, നൈറ്റ് വാച്ചർ തസ്തിക അനുവാദം നിയമനം എന്നിവ സംബന്ധിച്ച് സൂചന (2) പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

4. റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ നിർദ്ദേശിച്ച രീതിയിലുള്ള സ്ട്രോംഗ് റൂം,സ്ട്രോംഗ് റൂം ഡോർ എന്നിവ ഏർപ്പെടുത്തൽ,പ്രവേശന കവാടം ക്രമീകരിക്കൽ,ചുറ്റുമതിൽ, രഹസ്യ ക്യാമറകൾ, വെബ് ക്യാമറകൾ, കാര്യക്ഷമമായി പ്രവർത്തിക്കുന്ന സെക്യൂരിറ്റി അലാറം എന്നിവ സ്ഥാപിക്കൽ, കൈവശം വച്ചിട്ടുള്ള തുകയ്ക്കും സ്വർണ്ണാഭരണങ്ങൾക്കും ബാധകമാകത്തക്ക രീതിയിൽ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തൽ, സഹകരണ ബാങ്കുകൾ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് രാത്രികാല പോലീസ് പട്രോളിംഗ് ഏർപ്പെടുത്തുന്നതിന് വേണ്ട നടപടികൾ പോലീസ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് സ്വീകരിക്കൽ, ജനകീയ പട്രോളിംഗ് ഏർപ്പെടുത്തൽ, ബാങ്കുകൾ, ശാഖകൾ ആരംഭിക്കുന്നതിന് തെരഞ്ഞെടുക്കുന്ന സ്ഥലങ്ങൾ കൂടുതൽ ജനവാസമുള്ള കേന്ദ്രങ്ങളായിരിക്കണം എന്നതു സംബന്ധിച്ചും, സുരക്ഷിതമായ കെട്ടിടങ്ങൾ തെരഞ്ഞെടുക്കണമെന്നും കൂടാതെ കവർച്ചക്കാർ ബാങ്കിലെത്തിയാൽ അക്കാര്യം മനസ്സിലാക്കുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ ഉടൻ പോലീസിനെ അറിയിക്കാനുള്ള സ്ഥിരം സംവിധാനം ബാങ്കുകൾ ഏർപ്പെടുത്തണമെന്നും , ഗോൾഡ് സ്റ്റോക്ക് അതാതുദിവസം തന്നെ എഴുതി പൂർത്തിയാക്കി സാക്ഷ്യപ്പെടുത്തേണ്ടതാണെന്നും, ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നത് സംബന്ധിച്ചും സൂചന (3) പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു.

5. നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടും ആയത് പൂർണ്ണമായി പല സ്ഥാപനങ്ങളും പാലിക്കുന്നില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നും ബാങ്ക് കവർച്ചാ കേസുകളിൽ പലതും സഹകരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ടവയാണ് എന്നും, മതിയായ സുരക്ഷാ ക്രമീകരണങ്ങളുടെ അഭാവവും , ഇൻഷ്വറൻസ് പരിരക്ഷയുടെ അപര്യാപ്തതയും, സഹകരണ സ്ഥാപനങ്ങളുടെ വിശ്വാസ്യത നഷ്ടപ്പെടുന്നതിന് കാരണമാകുമെന്ന് ബോധ്യപ്പെട്ടതിനെ തുടർന്ന് തുക/സ്വർണ്ണം എന്നിവ കൈകാര്യം ചെയ്യുന്ന എല്ലാ സഹകരണസംഘം/ ബാങ്കുകളിലും നിലവിൽ മതിയായ സെക്യൂരിറ്റി ജീവനക്കാരെ നിയമിച്ചിട്ടില്ലായെങ്കിൽ വിമുക്ത ഭടൻമാരെ കരാർ വ്യവസ്ഥയിൽ നിർബന്ധമായും നിയമിക്കുന്നതിനും ഇതിനായി സഹകരണ ബാങ്കുകളിൽ വിമുക്ത ഭടൻമാരെ സെക്യൂരിറ്റിയായി കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് ജോയിന്റ് രജിസ്ട്രാർമാരോട്

അപേക്ഷിക്കുന്നതിനും അപേക്ഷ പരിശോധിച്ച ജോയിന്റ് രജിസ്ട്രാർ ആവശ്യമായ അനുവാദം/ അംഗീകാരം നൽകുന്നതിനും സൂചന(4) പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

6. സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്ന വേളയിൽ സ്വർണ്ണപണയമെടുക്കുന്ന വ്യവസ്ഥകൾ ബൈലായിൽ നിന്ന് ഒഴിവാക്കേണ്ടതും, പ്രവർത്തനം അനുസരിച്ച് സംഘത്തിന് മതിയായ സുരക്ഷാസംവിധാനം, സ്ട്രോങ്ങ്റൂം അടക്കമുള്ള സംവിധാനങ്ങൾ ഉണ്ടാകുന്ന മുറയ്ക്ക് ബൈലോ ഭേദഗതി വരുത്തിയശേഷം അനുമതി നൽകിയാൽ മതിയാകുന്നതാണെന്നും കൂടാതെ സംഘങ്ങളിൽ CCTV സ്ഥാപിക്കേണ്ടത് സംബന്ധിച്ചും, ബർഗ്ലർ അലാറാം സ്ഥാപിക്കുന്നതിനും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നതിനും, ക്രെഡിറ്റ്/ഡെബിറ്റ് കാർഡ് ഉപയോഗിച്ചുള്ള (കംപ്യൂട്ടറൈസ്ഡ് ATM സംവിധാനമുള്ള ബാങ്കുകൾ) പിൻവലിക്കൽകാർക്ക് മൊബൈൽ അലർട്ട് സംവിധാനം ഏർപ്പെടുത്തുന്നതിനും, വ്യാജനോട്ടുകൾ കണ്ടെത്തുന്നതിന് നൂതന ഉപകരണങ്ങൾ വാങ്ങുന്നതിനും, മതിയായ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്താതെ ഏതെങ്കിലും സംഘങ്ങൾ സ്വർണ്ണപ്പണയമിടപാട് നടത്തുന്നുണ്ടെങ്കിൽ ടി വായ്പാ ഇടപാട് നിർത്തുന്നതിന് നടപടി സ്വീകരിക്കുന്നതിനും സൂചന(5) പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

7. എല്ലാ ഇന്റർനെറ്റ് കോർപ്പറേറ്റ് അക്കൗണ്ടുകളിലും ഒറ്റത്തവണ പാസ് വേർഡ്(OTP) ലഭ്യമാക്കി ഇടപാട് നടത്തുന്നത് സംബന്ധിച്ച് സൂചന(6) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

8. സംഘം/ബാങ്കുകളിൽ നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറിന്റെ ഉപയോഗം സംബന്ധിച്ച് സൂചന (7) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

മേൽ പ്രകാരമുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടും സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ചില സംഘങ്ങൾ/ബാങ്കുകളിൽ യാതൊരു തരത്തിലുമുള്ള സുരക്ഷാക്രമീകരണങ്ങളും ഇല്ലാതെ പ്രവർത്തിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും സംസ്ഥാനത്തെ സംഘം/ബാങ്കുകളിൽ മതിയായ സുരക്ഷാ ഉദ്യോഗസ്ഥർ, CCTV ,അലാറം എന്നിവ ഏർപ്പെടുത്തുന്നതിനോടൊപ്പം അധികമായി ഒന്നോ അതിലധികമോ സുരക്ഷാ സംവിധാനങ്ങൾ കൂടി ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി സൂചന(8) പ്രകാരം കത്ത് നൽകിയിരിക്കുന്നു . പ്രസ്തുത സാഹചര്യത്തിൽ നിക്ഷേപം സ്വീകരിക്കുക, സ്വർണ്ണപ്പണയ സംവിധാനം ഏർപ്പെടുത്തുക എന്നിവ ചെയ്ത് വരുന്ന സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങൾ/ബാങ്കുകളും മേൽ പറയുന്ന സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതോടൊപ്പം സെക്യൂരിറ്റി ജീവനക്കാരെ കർശനമായി നിയമിക്കേണ്ടതും, CCTV , അലാറം എന്നിവ ഏർപ്പെടുത്തുന്നതിനോടൊപ്പം ചുവടെ പറയുന്ന ഒന്നോ അതിലധികമോ സുരക്ഷാ സംവിധാനങ്ങൾ അതാത് സ്ഥലത്തെ സാഹചര്യങ്ങളും പ്രായോഗികതയും

വിലയിരുത്തിയും അതാത് സ്ഥലത്തെ ആവശ്യകത പരിഗണിച്ചും ഏർപ്പെടുത്തേണ്ടതാണ്.

**1.ഗ്ലാസ് ബ്രേക്ക് സെൻസർ:** ഏതെങ്കിലും ഗ്ലാസ് തകർന്നാൽ ഉടൻ തന്നെ സെൻസറുകൾ ഇത് സംബന്ധിച്ചുള്ള നിർദ്ദേശം ബന്ധപ്പെട്ട ആളുകളെ അറിയിക്കുന്നു. കുറ്റവാളികൾ ഇതിനെക്കുറിച്ച് ബോധവാന്മാരായിരിക്കില്ല എന്നതിനാൽ അവരെ കൈയോടെ പിടികൂടുന്നതിനുള്ള സാധ്യത കൂടുന്നു.

**2.മോഷൻ സെൻസർ:** നുഴഞ്ഞുകയറ്റം തടയുന്നതിനുള്ള സെൻസറുകൾ അസാധാരണമായ വൈബ്രേഷനുകളും ബ്രേക്കിംഗുകളും അറിയുന്നതിന് വേണ്ടി രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്. ഇത് രാത്രികാലങ്ങളിൽ ഷട്ടറുകൾ തകർക്കുന്ന വേളയിൽ അധികാരികൾക്ക് അറിയിപ്പ് നൽകുന്നു. .

**3. സ്മോക്ക് സെൻസർ:** ഇത് തീയുടെ സാന്നിധ്യം അറിയാൻ ഉപയോഗിക്കുന്നു. ഇവ സാധാരണയായി ഫയർ അലാറവുമായി ബന്ധിപ്പിച്ചിരിക്കുന്നു.

**4. 5ഡി സെൻസർ:** ഇത് സിസിടിവി ക്യാമറകളിൽ സ്ഥാപിച്ചിരിക്കുന്ന ലെൻസുകളെയാണ് സൂചിപ്പിക്കുന്നത്. സിസിടിവി ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളയിടങ്ങളിൽ കുറ്റവാളികൾ അവരുടെ മുഖത്തിന്റെയും ശരീരത്തിന്റെയും മിക്ക ഭാഗങ്ങളും മറച്ചുകൊണ്ട് ആയിരിക്കും സാധാരണയായി എത്തുന്നത്. സിസിടിവി ക്യാമറകൾ കാലഹരണപ്പെട്ടതാണെങ്കിൽ, മുഖംമൂടി ധരിച്ച കുറ്റവാളികളെ തിരിച്ചറിയുമ്പോൾ അത് മതിയായ നിലവാരമില്ലാത്ത ഫൂട്ടേജ് ആയിരിക്കും നൽകുക. ഒരു 5D സെൻസർ ജന്മനായുള്ള അടയാളങ്ങൾ, ടാറ്റൂകൾ അല്ലെങ്കിൽ മുറിവുകൾ എന്നിവ പോലുള്ള ഏറ്റവും ചെറിയ വിശദാംശങ്ങൾ വരെ റിക്കോർഡ് ചെയ്യുമെന്നുള്ളത് കുററവാളികളെ തിരിച്ചറിയുന്നതിനുള്ള പ്രക്രിയ താരതമ്യേന എളുപ്പമാക്കും.

**5. 2-വേ ഓഡിയോ സിസ്റ്റം:** 2-വേ ഡിജിറ്റൽ വോയ്സ് റെക്കോർഡിംഗിനായി ബാങ്കുകളിലും എടിഎമ്മുകളിലും മൈക്രോഫോൺ , ആംപ്ലിഫയർ, സ്പീക്കർ സ്ഥാപിക്കുന്നത് അഭികാമ്യമായിരിക്കും. ചുറ്റുപാടുമുള്ള എല്ലാ ശബ്ദങ്ങളും ഇപ്രകാരം റെക്കോർഡു ചെയ്യുന്നത് കുറ്റവാളികളെ സംബന്ധിച്ച എന്തെങ്കിലും വിവരം പോലീസ് ഉദ്യോഗസ്ഥർക്ക് ലഭിക്കുന്നതിന് സഹായിക്കും.

**6. ഇൻട്രൂഷൻ അലാറം പാനൽ:** ഇത് മാഗ്നറ്റിക്, വൈബ്രേഷൻ സെൻസറുകൾ ഉപയോഗിച്ച് പൂർണ്ണമായി പ്രവർത്തനക്ഷമമാക്കിയ ഉപകരണമാണ്. ഈ സെൻസറുകൾ ഡ്രില്ലിംഗ് അല്ലെങ്കിൽ ചുറ്റിക പോലുള്ള ആയുധങ്ങൾ ഉപയോഗിച്ച് തകർക്കുന്ന പ്രവർത്തനങ്ങൾ മൂലമുണ്ടാകുന്ന വൈബ്രേഷനുകൾ മനസ്സിലാക്കി ബന്ധപ്പെട്ടവരെ ഉടൻ അറിയിക്കുന്നതിനാൽ വേഗത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് സഹായിക്കുന്നതാണ്.

**7.ടാംപർ അലേർട്ടുകൾ:** ആരെങ്കിലും എടിഎം മെഷീൻ ഉയർത്താൻ ശ്രമിച്ചാലും മെഷീൻ തീ പിടിക്കുന്ന സാഹചര്യത്തിലും, ടാംപർ-അലേർട്ട് സജ്ജീകരിച്ച

എടിഎമ്മിന് ഒരു അലാറം പുറപ്പെടുവിക്കുന്നതിന് കഴിയും. ബന്ദിയാക്കുന്ന സാഹചര്യത്തിലും മോഷണം നടക്കുമ്പോഴും അപകട സൈറനുള്ള സ്വിച്ച് മറ്റുള്ളവരെ അറിയിക്കുന്നതിന് സഹായിക്കുന്നതാണ്.

ഇത്തരത്തിൽ സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽ/ശാഖകളിൽ മതിയായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ച വരുത്തുന്നത് മൂലം എന്തെങ്കിലും തരത്തിൽ ബാങ്കിന് നഷ്ടങ്ങൾ സംഭവിക്കുന്ന പക്ഷം ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം സംഘം/ ബാങ്ക് ചീഫ് എക്സിക്യൂട്ടീവിനും ഭരണസമിതിയ്ക്കും മാത്രമായിരിക്കും. മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നുവെന്ന് ആതാത് ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർ ഉറപ്പുവരുത്തേണ്ടതും യൂണിറ്റ് ഇൻസ്പെക്ടർ/അസിസ്റ്റന്റ് രജിസ്ട്രാർമാർ/ജോയിന്റ് രജിസ്ട്രാർമാർ എന്നിവർ തങ്ങളുടെ ആകസ്മിക/വിശദ പരിശോധന വേളയിൽ ഇക്കാര്യം പരിശോധിക്കേണ്ടതും റിപ്പോർട്ടിൽ ഈ വിഷയം കൂടി ചേർത്ത് പുരോഗതി സമർപ്പിക്കേണ്ടതുമാണ്. ഇത്തരത്തിൽ മതിയായ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്താതെ ഏതെങ്കിലും സഹകരണ സംഘങ്ങൾ സ്വർണ്ണപ്പണയമിടപാട് നടത്തുന്നുവെങ്കിൽ ഇത്തരത്തിലുള്ള വായ്പാ സൗകര്യങ്ങൾ നിർത്തലാക്കുന്നതിന് വകുപ്പ് ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലുണ്ടാകുന്ന വീഴ്ചകൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഉത്തരവാദികളായിരിക്കും.

(ഒപ്പ്)
സുഭാഷ്.റ്റി.വി ഐ.എ.എസ്
**സഹകരണ സംഘം രജിസ്ട്രാർ**

**പകർപ്പ്**

1. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
2. സഹകരണ ആഡിറ്റ് ഡയറക്ടർ
3. എല്ലാ അഡീഷണൽ രജിസ്ട്രാർമാരുടെ മേശപ്പുറത്ത്
4. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
5. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
6. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും (ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
7. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും (ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന)
8. എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കും (അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർ മുഖേന)
9. സഹകരണ വീഥി
10. വെബ് സൈറ്റ്
11. സ്റ്റോക്ക് ഫയൽ
12. സ്പെയർ

//നിർദ്ദേശാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ(സി.പി)